

ആഗസ്റ്റ് 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഇന്ത്യ സ്വാതന്ത്യം പ്രാപിച്ചിട്ട് 76 വർഷങ്ങൾ പൂർത്തിയാകുന്നു. സ്വാതന്ത്ര്യ ദിനത്തിൽ സാമ്രാജ്യത്വത്തിനെതിരായ ഇന്ത്യൻ ജനതയുടെ ചെറുത്തുനിൽപ്പിനെ നന്ദിയോടെ നാം സ്മരിക്കുന്നു. ഇന്ത്യയിലെ കോളനി ഭരണത്തിനെതിരെ ഇന്ത്യക്കാർ നടത്തിയ ദീർഘ പോരാട്ടമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. കിതയ്ക്കുന്ന ഭാരതത്തെയാണ് 1947 ൽ നമുക്ക് ലഭിച്ചതെങ്കിൽ ഇന്ന് മിക്ക രംഗത്തും കുതിയ്ക്കുന്ന ഇന്ത്യയെ ലോക രാജ്യങ്ങൾ അത്ഭുതത്തോടെയാണു നോക്കിക്കാണുന്നത്. എന്നാൽ ഈ പുരോഗതികൾക്കിടയിലും രാഷ്ട്രം ചില നോവുകളുടെയും നിലവിളികളുടെയും വേദനകളുടെയും നടുവിലൂടെയാണ് കടന്നുപോകുന്നത്. മതത്തിന്റെയും ജാതി, ലിംഗ, സാമ്പത്തിക വ്യവസ്ഥകളുടെയും പേരിൽ വേർതിരിവുകൾ സൃഷ്ടിക്കപ്പെട്ട് തമ്മിൽ കലഹിക്കുന്ന ഒരനുഭവത്തിലേക്കു രാജ്യം വഴുതി മാറുന്നോ എന്ന് ദ്യോതിപ്പിക്കുന്ന ചില സൂചനകൾ ഏറെ ദുഃഖത്തോടെ നാം ദർശിക്കുന്നു. ന്യൂനപക്ഷങ്ങളോടുള്ള വിവേചനപരമായ സമീപനം ഉണ്ടാകുന്നിടത്ത് ഭരണഘടനയുടെ തന്നെ നഗ്നമായ നിഷേധമാണ് സംഭവിക്കുന്നത്. ആദ്യകാല സ്വാതന്ത്ര്യ സമര സേനാനികളും നേതാക്കളും കഠിനാദ്ധ്വാനം ചെയ്യുകയും അവരിൽ പലരും ഈ രാജ്യത്തിനായി അവരുടെ രക്തം ചൊരിയുകയും ചെയ്തു. അവർ അനുഭവിച്ച ദുരിതങ്ങളും അവരുടെ സംഭാവനകളും നമ്മുടെ ജീവിതം കൂടുതൽ തെളിമയുള്ളതാക്കി. സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതിയ ധീരവ്യക്തിത്വങ്ങളെ ഇത്തരുണത്തിൽ സ്മരിക്കാം. വേർതിരിവുകളുടെ രാഷ്ട്രീയത്തെ പ്രതിരോധിക്കുന്ന ആധിപത്യ വിരുദ്ധതയുടെ കൂട്ടായ്മകളെ വിഭാവനം ചെയ്യുന്ന അവസരമായി സ്വാതന്ത്ര്യ ദിനം മാറട്ടെയെന്ന് ആശിക്കുന്നു. എല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ.

ഭാരതത്തിന്റെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലൊന്നായ മണിപ്പൂരിൽ 2023 മേയ് 3 ന് ആരംഭിച്ച കലാപത്തെക്കുറിച്ച് ഈ ദിവസങ്ങളിൽ പുറത്ത് വരുന്ന വാർത്തകൾ മനുഷ്യ മനസ്സ് മരവിപ്പിക്കുന്ന ആൾക്കൂട്ട ക്രൂരതയുടെ വിവരണങ്ങളാണ്. കേട്ടാലറയ്ക്കുന്ന പീഡനം, ക്രൂരകൊലപാതകങ്ങൾ, അന്തസ്സിനെ അവഹേളിക്കുന്ന പരേഡുകൾ, മണിപ്പൂരിനെ നെരിപ്പോടാക്കുന്ന അതിക്രമങ്ങൾ, ഏറ്റെടുക്കാൻ ആളില്ലാതെ അവശേഷിക്കുന്ന മൃതദേഹങ്ങൾ ഈ കാഴ്ചകളെല്ലാം വേദനാജനകം. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ഒറ്റപ്പെട്ട അക്രമങ്ങൾ ഇപ്പോഴും തുടരുന്നു. സ്ത്രീത്വം അപമാനത്തിനും പീഡനങ്ങൾക്കും വലിയ തോതിൽ ഇരയായി എന്ന വാർത്തകൾ ദേശീയ അന്തർദേശീയ തലങ്ങളിൽ ചർച്ചകൾക്കും പ്രതിഷേധത്തിനും കാരണമാകുന്നു. ഓരോ പൗരനും സംരക്ഷണം ഉറപ്പാക്കുവാനുള്ള ബാധ്യതയിൽ നിന്ന് ഒരു സർക്കാരിനും ഒഴിഞ്ഞു മാറുവാൻ കഴിയുകയില്ല. പ്രശ്നപരിഹാരത്തിനായി നീതിന്യായ വ്യവസ്ഥകളും, കേന്ദ്ര സംസ്ഥാന ഭരണ കൂടങ്ങളും, രാഷ്ട്രീയ പാർട്ടികളും, മത നേതൃത്വങ്ങളും കൂട്ടായി ചിന്തിച്ചേ മതിയാകൂ. നമ്മുടെ സഭയുടെ ആഭിമുഖ്യത്തിലും വിവിധ ഇടവകകൾ, സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിലും മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യമറിയിച്ച് പ്രാർത്ഥനകളും കൂടിവരവുകളും ക്രമീകരിക്കുകയും അവരുടെ ദുഖത്തിൽ പങ്ക്ചേരുകയും ചെയ്തു. ജൂലൈ മാസം 30–ാം തീയതി സഭയായി മണിപ്പൂരിനെ ഓർത്ത് പ്രാർത്ഥിക്കുന്നതിനായി വേർതിരിച്ചു. തുടർന്നും ആ ദേശത്തെയും ജനങ്ങളെയും ഓർത്തു നമുക്ക് പ്രാർത്ഥിക്കാം. ഇനിയും മണിപ്പൂർ ജനതയുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ സഭയായി പങ്ക്ചേരേണ്ടത് അടിയന്തിര ആവശ്യമാണ്. കുട്ടികളുടെ വിദ്യാഭ്യാസം, ഭവനങ്ങൾ, ആരാധനാലയങ്ങൾ, വൈദികസെമിനാരികൾ എന്നിവയുടെ പുനർ നിർമ്മാണം എന്നിത്യാദി പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുവാനാഗ്രഹിക്കുന്നു. സാധ്യമായ എല്ലായിടങ്ങളിലും നമ്മുടെ ശ്രദ്ധയും കരുതലും ഉണ്ടാകണം. കലാപ ഭൂമിയിൽ ഇനിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിന് വേണ്ടിവരുന്ന കാലതാമസം കണക്കാക്കാനും ആവുന്നില്ല. ഇതുമൂലം കുഞ്ഞുങ്ങളുടെ ഭാവി ഇരുളടഞ്ഞു പോകാനനുവദിക്കരുത്. ഭാരതത്തിലുള്ള നമ്മുടെ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് മണിപ്പൂരിൽ നിന്നും ആവശ്യക്കാരായ വിദ്യാർത്ഥികളെ എത്തിച്ച് സാമ്പത്തിക സഹായത്തോടെ പഠിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായണം. നമ്മുടെ എല്ലാ ഇടവകകളിൽനിന്നും പ്രത്യേക സ്തോത്രകാഴ്ചകളോ സംഭാവനകളോ സ്വീകരിച്ച് 2023 ആഗസ്റ്റ് 30–ാം തീയതിക്കകം സഭാആഫീസിൽ അടച്ച് എല്ലാവരും മണിപ്പൂരിനെ ഉദ്ധരിക്കുന്നതിൽ ഭാഗഭാക്കാകണം.

ഏക സിവിൽ കോഡ് നടപ്പിലാക്കുന്നത് സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണല്ലോ. ഇന്ത്യയെപോലുള്ള ബഹുസ്വര സമൂഹത്തിൽ ഏക സിവിൽ കോഡ് നടപ്പാക്കുന്നത് അപ്രായോഗികമാണ്. ഏകീകൃത സിവിൽകോഡ് പ്രത്യക്ഷത്തിൽ സ്വീകാര്യമായി തോന്നാം. എന്നാൽ ഇന്ത്യയെപ്പോലെ വൈവിദ്ധ്യങ്ങൾ നിറഞ്ഞ ഒരു ജനാധിപത്യ മതനിരപേക്ഷ

രാജ്യത്ത് ഇതിനെ പിന്തുണയ്ക്കാനാവില്ല. ദ്രുതഗതിയിൽ 22-ാം ലോ കമ്മീഷൻ ഇത് സംബന്ധിച്ച് അറിയിപ്പിറക്കുകയും പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇന്ത്യയിലെ 21 -ാം ലോ കമ്മീഷന്റെ 2018 ലെ സമഗ്ര റിപ്പോർട്ടിൽ ഇന്ത്യക്കൊരു ഏകീകൃത സിവിൽ കോഡ് ഇപ്പോൾ അഭികാമ്യമല്ല എന്നോർമ്മിപ്പിച്ചത് പ്രസക്തമാണ്. വൈവിധ്യമാർന്ന ഭാഷ, സാംസ്കാരിക, സാമൂഹ്യ പശ്ചാത്തലമുള്ള നമ്മുടെ രാജ്യത്തിന്റെ വ്യത്യസ്തത പരിപാലിക്കുവാൻ വ്യത്യസ്ത സമീപനങ്ങൾ ആവശ്യമാണ് എന്ന വിലയിരുത്തലാണ് പ്രസ്തുത കമ്മീഷൻ നടത്തിയത്. ഏക സിവിൽ കോഡ് നിലവിലുണ്ട് എന്നവകാശപ്പെടുന്ന ഗോവ സംസ്ഥാനത്തുപോലും ഹിന്ദു, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ചില കാര്യങ്ങളിൽ പ്രത്യേക അവകാശങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുമ്പോൾ അത്തരമൊരു ഏകീകരിക്കപ്പെട്ട നിയമത്തിന് ഇന്ത്യയിൽ പരിമിതികൾ ഉണ്ട് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്വത്തുവിതരണത്തിൽ സ്ത്രീകൾക്ക് പ്രാധാന്യമുള്ള മേഘാലയ പോലെയുള്ള സംസ്ഥാനങ്ങളും, ആറാം പട്ടികയിൽ ഉൾപ്പെട്ട ആദിവാസി / ട്രൈബൽ മേഖലകളും അവരുടെ പ്രത്യേക അവകാശങ്ങളും എങ്ങനെ ഏകീകരിക്കപ്പെടുന്ന നിയമം നേരിടും എന്നതിന് വ്യക്തത ഇല്ല. മനുഷ്യ സ്വാതന്ത്ര്യത്തിനും മാന്യമായി ജീവിക്കുന്നതിനുമുള്ള അവകാശങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തുന്ന എല്ലാ സ്വകാര്യ നിയമങ്ങളും മാറേണ്ടത് ആവശ്യമെങ്കിലും ഏകപക്ഷീയമായി മതിയായ ചർച്ചകൾക്കിടം കൊടുക്കാതെ എടുക്കുന്ന തീരുമാനങ്ങൾക്ക് ദൂരവ്യാപകമായ വിപരീത ഫലം ഉണ്ടായേക്കാം. അതുകൊണ്ടുതന്നെ പുതിയ സിവിൽ നിയമത്തിന്റെ രൂപരേഖ പുറത്ത്വിടുകയും അതിനോട് പ്രതികരിക്കുവാൻ മതിയായ സാവകാശം നൽകുകയും ചെയ്ത് മാത്രമേ എന്ത് തീരുമാനങ്ങൾക്കും സർക്കാർ മുതിരാവൂ. വൈവിധ്യങ്ങളെ അംഗീകരിക്കുവാനുള്ള വൈമുഖ്യം ബഹുസ്വരതയുടെ നിക്ഷേധമാണ്, അത് നമ്മുടെ സ്വത്വബോധത്തിന്റെ തന്നെ നിക്ഷേധമാണ്.

നമ്മുടെ വാർഷിക സഭാ പ്രതിനിധി മണ്ഡലയോഗം 2023 ആഗസ്റ്റ് 29, സെപ്തംബർ 1, 2 (ചൊവ്വ, വെള്ളി, ശനി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. സഭയെ സംബന്ധിച്ചു വളരെ പ്രാധാന്യമുള്ള ഒരു കൂടിവരവാണല്ലോ ഇത്. സഭ അഭിമുഖീകരിക്കുന്ന പുതിയ വെല്ലുവിളികളെ എങ്ങനെ അഭിമുഖീകരിക്കണം, സംഗതമായ ദൗത്യ നിർവഹണത്തിന് സഭ എങ്ങനെ പ്രാപ്തമാകണം എന്ന ചിന്തകൾ തീർച്ചയായും പ്രസ്തുത കൂടിവരവിലൂടെ രൂപപ്പെടേണം. തിരഞ്ഞെടുപ്പുകളും യോഗനടപടികളും മാതൃകാപരമായി നിർവ്വഹിക്കപ്പെടുവാൻ മണ്ഡലാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. സഭാഭരണഘടന 21-ാം വകുപ്പ് പ്രകാരം പുതിയ എപ്പിസ്ക്കോപ്പാമാരെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള സഭാ പ്രതിനിധി മണ്ഡലത്തിന്റെ യോഗം ആഗസ്റ്റ് 30, 31 (ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. ഇതിന്റെ നടപടിക്രമം സംബന്ധിച്ച വിശദവിവരങ്ങൾ മെത്രാപ്പോലീത്തായുടെ 99-ാം സർക്കുലറിലൂടെ ഏവരെയും അറിയിച്ചിട്ടുള്ളതാണ്. സഭയുടെ എപ്പിസ്കോപ്പമാരായിരിക്കുവാൻ യോഗ്യതയുള്ളവർ എന്ന പൂർണ്ണ ബോധ്യത്തോടെ എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് മൂന്നു വൈദികരുടെ പേരുകൾ നമുക്ക് നല്കിയല്ലോ. സഭയുടെ ഉത്തമമായ ജനാധിപത്യ ക്രമത്തിന്റെ നിദർശനമായി അവരെ തെരഞ്ഞെടുക്കുവാനുള്ള അവകാശം ജനപ്രതിനിധികൾക്കാണല്ലോ. ദൈവബോധത്തിൽ ഈ പ്രക്രിയയിൽ ഓരോരുത്തരും പങ്കെടുക്കേണമേയെന്നു അറിയിക്കുന്നു. കക്ഷിരാഷ്ട്രീയങ്ങൾക്കും വ്യക്തി താല്പര്യങ്ങൾക്കും അതീതമായി സഭയെ ഒന്നായിക്കാണുന്നതിനും സഭയുടെ പൊതുവായ നന്മയെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനും ഏവരും ഉത്സാഹിക്കണം. തർക്കവിതർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുമുള്ള അവസരമല്ല സഭാ പ്രതിനിധി മണ്ഡലം. സഭയുടെ ആത്മീക വർദ്ധനവും കെട്ടുപണിയുമാകണം ഓരോ മണ്ഡലാംഗത്തിന്റെയും ലക്ഷ്യം. ദൈവഹിതപ്രകാരം തക്ക ആളുകൾ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള ദൈവകൃപയും ദർശനവും ചുമതലപ്പെട്ടവർക്ക് ലഭിക്കുന്നതിന് സഭയായി എല്ലാവരും ദൈവസന്നിധിയിൽ നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കണം. എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം ആഗസ്റ്റ് 18 (വെള്ളി) ഉപവാസ പ്രാർത്ഥനയോടനുബന്ധിച്ചും, 20 (ഞായർ) വചനശുശ്രൂഷയ്ക്ക് ശേഷവും മണ്ഡലത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി പ്രാർത്ഥനാദിനങ്ങളായി ആചരിക്കുന്നതിന് വേർതിരിച്ചിരിക്കുന്നു. ഇടവകയായും കൂട്ടായ്മയായും ഈ പ്രത്യേക ദിനങ്ങളിൽ ഇടമുറിയാതെ പ്രാർത്ഥിക്കുന്നതിന് എല്ലാ ഇടവകകളും പ്രത്യേകം ക്രമീകരണങ്ങൾ ചെയ്യണം.

നിരണം - മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല പായിപ്പാട് ജൂലൈ 16 ന് ക്രമീകരിച്ച അതിഥി തൊഴിലാളി സംഗമത്തിൽ സംബന്ധിക്കുന്നതിന് സാധിച്ചു. കേരളത്തിൽ നിന്നും നല്ലൊരു ശതമാനം യുവജനങ്ങൾ വിദേശത്തേക്ക് കുടിയേറുകയും ഭാരതത്തിന്റെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആയിരക്കണക്കിന് അതിഥി തൊഴിലാളികൾ കേരളത്തിലേക്കെത്തുകയും ചെയ്യുമ്പോൾ അത് കേരളത്തിന്റെ തൊഴിൽ മേഖലയെ മാത്രമല്ല സാമൂഹിക സാംസ്കാരിക സാമ്പത്തിക വ്യവസ്ഥിതികളെത്തന്നെ സ്വാധീനിക്കുന്നു. കുടിയേറ്റം ഒരു സാധ്യതയായിരിക്കുമ്പോൾ തന്നെ അത് മുന്നോട്ട് വെയ്ക്കുന്ന സാമൂഹ്യ പ്രതിസന്ധിയും നാം കാണാതെ പോകരുത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന കേരളത്തിൽ സ്വന്തമായി വീടോ വിലാസമോ ഇല്ലാത്ത ഈ കൂട്ടർ കടന്നുപോകുന്ന പ്രതിസന്ധികളും വളരെ വലുതാണ്. ഇപ്രകാരം വന്ന് പാർക്കുന്നവരിൽ അധികവും യുവജനങ്ങളാണ്. തൊഴിൽ മേഖലയിൽ അവരുടെ കഠിനാദ്ധ്വാന ശീലവും നൈപുണ്യവും ശരിയായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാകണം. അവർക്ക് ലഭിക്കുന്ന വരുമാനം ശരിയായ വിധത്തിൽ

ഉപയോഗിക്കുന്നതിനും അവരിൽത്തന്നെ സമ്പാദ്യ ശീലം വളർത്തുന്നതിനും സഹായിക്കാവുന്നതാണ്. കുടുംബ ജീവിതത്തെ ഗൗരവമായെടുക്കുന്നതിനും മക്കളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട സത്പ്രേരണ നല്കണം. അവരുടെ ജീവിതപരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ശരീരശുചിത്വവും ആരോഗ്യ സംരക്ഷണവും കൃത്യമായി പാലിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നല്കണം. അതിനുതകുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പുകളും ക്രമീകരിക്കാവുന്നതാണ്. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായി നമ്മുടെ വിദ്യാലയങ്ങളിൽ അവർക്ക് പ്രവേശനമൊരുക്കുകയും പഠനസാമഗ്രികൾ നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. വടക്കേ ഇന്ത്യയിൽ പ്രവർത്തിച്ച് മടങ്ങിവന്ന് നാട്ടിൽ സ്ഥിരതാമസം നയിക്കുന്ന ഹിന്ദി ഭാഷയിൽ പ്രാവീണ്യമുള്ളവർ ഇത്തരക്കാരുടെ കുഞ്ഞുങ്ങൾക്ക് നല്ല ഉപദേശങ്ങളും പ്രോത്സാഹനവും നല്കണം. മദ്യം, മയക്ക് മരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ നിന്നും ഒഴിഞ്ഞിരിക്കുന്നതിന് വേണ്ട കൗൺസിലിംഗ് ക്ലാസ്സുകളും നല്കണം. ചൂഷണങ്ങളെ തിരിച്ചറിയുകയും അതിന് തടയിടുകയും വേണം. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നും വ്യത്യാസങ്ങളുണ്ടെങ്കിലും എല്ലാവരും വിലയുള്ളവരാണെന്നും തിരിച്ചറിഞ്ഞ് സമഭാവനയിൽ പ്രവർത്തിക്കുവാൻ സാധിക്കണം. അപരന്റെ അന്തസ്സിനെ ഉയിർത്തിപ്പിടിക്കുന്നിടത്താണ് നമ്മുടെ സാക്ഷ്യം ഫലകരമാകുന്നത്. എല്ലാവർക്കും തുല്യനീതിയും സാമൂഹ്യ സുരക്ഷയും നിയമസഹായവും ഉറപ്പാക്കാൻ നമ്മുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കണം. നമ്മുടെ ഇടയിൽ വന്ന് പാർക്കുന്നവരുടെ അവകാശങ്ങൾക്ക് വേണ്ടിയും നിലകൊള്ളുവാൻ നമുക്ക് സാധിക്കണം. നമ്മുടെ എല്ലാ ഭദ്രാസനങ്ങളും നേരിട്ടോ സംഘടനകളിലൂടെയോ ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നത് എന്തുകൊണ്ടും നല്ലതാണ്.

നമ്മുടെ വൈദിക സെമിനാരികളുടെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. കോട്ടയം വൈദിക സെമിനാരിയിൽ നിന്നും 2019–'23 ബാച്ചിൽ ബി. ഡി. പഠനം പൂർത്തിയാക്കിയ എല്ലാവരും പരീക്ഷ പാസ്സാകുകയും 4 പേർ ഫസ്റ്റ് ക്ലാസ്സ് കരസ്ഥമാക്കുകയും ചെയ്തു. ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠത്തിൽ നിന്നും 2019–'23 ബാച്ചിൽ ബി. ഡി. പഠനം പൂർത്തിയാക്കിയ എല്ലാവരും പരീക്ഷ പാസ്സാകുകയും 3 പേർ ഫസ്റ്റ് ക്ലാസ്സ് കരസ്ഥമാക്കുകയും ചെയ്തു. എം. റ്റി. എച്ച് ബാച്ചിൽ മൂന്ന് വൈദികർ ഫസ്റ്റ് ക്ലാസ്സ് കരസ്ഥമാക്കി. ഉന്നത വിജയം നേടിയ എല്ലാവരെയും, സെമിനാരി അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു. ഈ നാളുകളിൽ ശെമ്മാശ് – വൈദിക സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്ന പട്ടത്വസ്ഥാനികളെയും നിയോഗ സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്ന നവവൈദികരെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണം.

യാക്കോബായ സഭയുടെ അഭിവന്ദ്യ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ 95–ാം ജന്മദിനാഘോഷവും മെത്രാഭിഷേക സുവർണ്ണ ജൂബിലി ഉദ്ഘാടനവും പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ വെച്ച് ജൂലൈ 22–ാം തീയതി ക്രമീകരിച്ചപ്പോൾ അതിൽ സംബന്ധിക്കുന്നതിനും മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ച് ആശംസകൾ അറിയിക്കുന്നതിനും അനുഗ്രഹപ്രഭാഷണം നിർവ്വഹിക്കുന്നതിനും സാധിച്ചു. കോടതി വ്യവഹാരങ്ങളുടെ തിരിച്ചടിയിൽ ആടിയുലഞ്ഞ സഭയെ, ഒന്നുമില്ലായ്മയിൽ നിന്നും അംഗബലവും കെട്ടുറപ്പുമുള്ള സമൂഹമായി നിലനിർത്താൻ നിർണ്ണായക നേതൃത്വം നല്കിയ ഇടയശ്രേഷ്ഠനാണ് തിരുമേനി. എക്യുമെനിക്കൽ രംഗത്തും മറ്റും മാർത്തോമ്മാ സഭയുമായി ഏറെ ആത്മബന്ധം യാക്കോബായ സഭയ്ക്കുണ്ട്. ഇരുസഭകളും പതിറ്റാണ്ടുകളായി തുടർന്നുവരുന്ന ബന്ധം കൂടുതൽ ഊഷ്മളമാക്കാൻ തുടർന്നും സാധിക്കണം.

നമ്മുടെ ചുനക്കര സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗവും സഭാകൗൺസിൽ അംഗവും ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ ജനറൽ സെക്രട്ടറിയുമായ ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര അഖില ലോക സഭാ കൗൺസിലിന്റെ ഇന്റർ നാഷണൽ അഫയേഴ്സ് കമ്മീഷന്റെ മോഡറേറ്ററായും, പത്തനാപുരം ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗവും സഭാ കൗൺസിൽ അംഗവുമായ ഡോ. സെലിൻ ഏബ്രഹാം അഖിലലോക സഭാ കൗൺസിലിന്റെ കമ്മീഷൻ ഓൺ ഹെൽത്ത് ആന്റ് ഹീലിംഗ് അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഡോ. ബി. സി. റോയ് മെമ്മോറിയൽ അവാർഡിന് കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ ഇടവക അംഗം ഡോ. കെ. ജി. അലക്സാണ്ടർ അർഹനായി. ഈ പ്രിയപ്പെട്ടവരെ സഭയുടെ പേരിൽ അഭിനന്ദിക്കുന്നു.

കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും എല്ലാവരുടെയും പ്രിയങ്കരനുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിര്യാണം കേരള സമൂഹത്തിന് നികത്താനാകാത്ത ഒരു നഷ്ടം തന്നെയാണ്. അര നൂറ്റാണ്ടിലധികം പൊതു പ്രവർത്തകനായിരുന്ന അദ്ദേഹം കേരള രാഷ്ട്രീയത്തിൽ വ്യത്യസ്ഥമായ ശൈലിയുടെ ഉടമയും ജനപ്രിയ നേതാവുമായിരുന്നു. തീഷ്ണമായ വിശ്വാസത്തിന്റെയും ആർദ്രതയുടെയും ഉടമയായ ഉമ്മൻ ചാണ്ടി കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാവർക്കും പ്രാപ്യമായ ജീവിതത്തിന്റെ ഉടമയായിരുന്നു. ആരോടും വിദ്വേഷമോ നിസ്സംഗതാഭാവമോ പ്രകടിപ്പിക്കാത്ത സർവ്വാദരണീയനായ നേതാവിനെയാണ് കേരളത്തിലെ ജനങ്ങൾക്ക് നഷ്ടമായിരിക്കുന്നത്. തിരക്കുകളും ജനക്കൂട്ടവും ജനസംസർഗ്ഗവും ആസ്വദിച്ചിരുന്ന ഈ നേതാവിനു പകരക്കാരനായി മറ്റൊരാളെ ലഭിക്കുക ക്ലേശകരമാണ്. അതിവേഗം ബഹുദൂരം എന്ന മുദ്രാവാക്യം സ്വീകരിച്ച അദ്ദേഹം കേരള സമൂഹത്തിന് ചെയ്ത സേവനങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. തൊഴിലില്ലായ്മ വേതനം അനുവദിക്കൽ, തൊഴിലാളികൾക്കുള്ള ക്ഷേമ നടപടികൾ എന്നിവ അദ്ദേഹത്തിന്റെ സർക്കാർ കൊണ്ടുവന്ന ചില നടപടികളായിരുന്നു. കാൻസർ, ഹൃദ്രോഗം എന്നീ രോഗങ്ങളുള്ളവർക്ക് സൗജന്യ ചികിത്സ അനുവദിച്ചുകൊണ്ട് കാരുണ്യ ബെനവലന്റ് സ്കീം 2011–2012 ൽ നടപ്പിലാക്കി. പൗരന്മാരുടെ പരാതികൾ കേൾക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ബഹുജന സമ്പർക്ക പരിപാടിക്ക്

യുണൈറ്റഡ് നേഷൻസ് പബ്ലിക് സർവീസ് അവാർഡ് ലഭിച്ചു. ജനഹൃദയങ്ങളിൽ സ്ഥായിയായ സ്ഥാനം പിടിക്കുവാൻ അദ്ദേഹത്തിനായി. മാർത്തോമ്മാ സഭയുടെ ഉറ്റ സ്നേഹിതൻ ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി സഭയുടെ സുപ്രധാനമായ പരിപാടികളിലൊക്കെയും വിശേഷാൽ മാരാമൺ കൺവൻഷനിലും സജീവ സാന്നിധ്യം ആയിരുന്നു. സഭയിലെ എല്ലാ മേലധ്യക്ഷ്യന്മാരുമായുള്ള ഊഷ്മളമായ ബന്ധം കാത്തു സൂക്ഷിച്ചിരുന്നു. നിരവധി തവണ തിരുവല്ല പൂലാത്തീൻ സന്ദർശിച്ചിട്ടുമുണ്ട്. സഭയുടെ എല്ലാ ആവശ്യങ്ങളും പരിഗണിക്കയും സഹായിക്കുകയും ചെയ്തിരുന്നത് നന്ദി പൂർവ്വം സ്മരിക്കുന്നു. സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

റവ. പി ഒ തോമസ് (വാളകം), റവ. ജോസ് വർഗീസ് (മെഴുവേലി), റവ. സി. ജെ. തോമസ് (പുനലൂർ), അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായുടെ പിതാവ് ശ്രീ. കെ. പി. വർക്കി (ഫോർട്ട് കൊച്ചി) എന്നിവർ നിര്യാതരായി. അവരിലൂടെ സഭയിലും സമൂഹത്തിലും ലഭ്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദുഃഖാർത്ഥരായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ആഗസ്റ്റ് മാസത്തേക്ക് നിശ്ചയിച്ചിട്ടുള്ള വേദവായനകളും ധ്യാനങ്ങളും സഭയുടെ നിരന്തര പുതുക്കത്തെയും സഭയുടെ വിളിയിൽ ഉൾച്ചേർന്നിട്ടുള്ള ദൗത്യ ബോധ്യങ്ങളെയും ഓർമ്മപ്പെടുത്തുന്നവയാണ്. അഗസ്റ്റ് 6 -ാം തീയതി മിഷൻ ഞായർ ആയി ആചരിക്കുന്നു. അന്ന് മറുരൂപപെരുന്നാൾ ആയും ആചരിക്കുകയാണല്ലോ. ഉയർന്ന മലയിൽ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു പോയ കർത്താവ്, അവിടെ വച്ച് അവരുടെ മുൻപിൽ രൂപാന്തരപ്പെട്ടു. നിയമ ദാതാവായ മോശയും പ്രവാചക പ്രവരനായ ഏലിയാവും അവിടെ യേശുവിനോട് ആശയ വിനിമയം നടത്തി. യെരുശലേമിൽ തനിക്ക് സംഭവിക്കാനുള്ള നിര്യാണത്തെ കുറിച്ചാണ് യേശു അവരോടു സംഭാഷിച്ചത്. പഴയനിയമം യേശുവിന്റെ കുരിശു മരണത്തിലേക്കും അതിലൂടെ സംഭവിക്കുന്ന രക്ഷാപദ്ധതിയിലേക്കും വിരൽ ചൂണ്ടുകയും ഉറപ്പിക്കുകയും ചെയ്യുന്നു. പിന്നീട്, ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട്, ഈ മഹിമാദർശനം തങ്ങൾക്ക് ഇരുളിൽ പ്രകാശിക്കുന്ന നക്ഷത്രം പോലെ ഉള്ളിൽ സൂക്ഷിക്കുവാൻ ഉള്ളതാകുന്നു എന്ന് പത്രോസ് ശ്ലീഹ പറയുന്നുണ്ടല്ലോ. യേശുവിന്റെ കുരിശു മരണത്തിലൂടെ ലോകത്തിനു രക്ഷയെന്ന സത്യം, വർദ്ധിച്ചു വരുന്ന ഇരുളിന്റെ സാഹചര്യങ്ങളിൽ, മരണത്തെ വെല്ലുവിളിക്കുന്ന ബലമായി അനുഭവം ആകേണ്ടതുണ്ട്. മറുരൂപപെരുന്നാൾ സഭക്കു നൽകുന്ന വലിയ ദർശനം ഉൾകൊള്ളാൻ, ഈ മിഷൻ ഞായർ ധ്യാനം നമ്മെ സഹായിക്കട്ടെ.

അഗസ്റ്റ് 13 ഞായറാഴ്ച, വിശുദ്ധ കുർബാന-രക്ഷാകര സംഭവത്തിന്റെ അനുസ്മരണവും അനുഭവവും എന്ന വിഷയം ആണല്ലോ ധ്യാനിക്കുന്നത്. സഭയുടെ ദൗത്യ നിർവഹണത്തിനുള്ള ഊർജ്ജം ലഭ്യമാകുന്നത് വിശുദ്ധ കുർബാനയിലൂടെയാണ്. കർത്താവിന്റെ ഓർമ്മയ്ക്കായി അനുഷ്ഠിക്കപ്പെടുന്ന കുർബാന അനുഭവമായി തീരേണ്ടതാണ്. ലോകത്തിന്റെ സൗഖ്യത്തിനും, ആത്യന്തിക ക്ഷേമത്തിനുമായി കുരിശിൽ മരിച്ചവൻ നുറുക്കപ്പെടുവാനും പങ്കുവക്കപ്പെടുവാനും തന്റെ സഭയെ ക്ഷണിക്കുന്നു. കർത്താവിന്റെ ജീവൻ പങ്കുവയ്ക്കുന്ന സഭക്ക് ആ അനുഭവത്തിലൂടെ മാത്രമേ കർത്താവ് ഏല്പിച്ച തുടർ ദൗത്യം നിർവഹിക്കുവാൻ കഴിയുകയുള്ളു. കേവലം ഒരു ആചരണത്തിനപ്പുറം, അനുഭവമാക്കാനും, സഭാ ദൗത്യ നിർവഹണത്തിനു സചേതന മാതൃകയാക്കി കുർബാനയെ സ്വീകരിക്കാനും നമുക്ക് കഴിയട്ടെ.

ആഗസ്റ്റ് 20 ഞായറാഴ്ച സഭ നവീകരണ ദിനമായി ആചരിക്കുകയാണ്. ദൈവ വചനമാണ് സകല സഭാ നവീകരണത്തിന്റെയും അടിസ്ഥാനം. ദൈവവചനത്തെ അവഗണിച്ചുകൊണ്ട് സഭക്ക് സജീവത നിലനിർത്താൻ കഴിയുകയില്ല. യോശിയ രാജാവിന്റെ ഈ വലിയ തിരിച്ചറിവ് വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് പഴയനിയമ പാഠം ഓർമിപ്പിക്കുന്നു. മലങ്കര സഭയിൽ, ദൈവവചനം സാധാരണ ജനത്തിനു ലഭ്യമായപ്പോൾ, സഭ സുവിശേഷ വിഹിതമാവുകയും, ഭാരത സുവിശേഷീകരണത്തിന് പ്രതിജ്ഞാബദ്ധമാവുകയും ചെയ്തു. ഈ സഭാദൗത്യം സാധ്യമാകുന്നത് വചനത്താൽ ഉണർത്തപ്പെട്ട ജീവിതങ്ങൾ ഉണ്ടാകുമ്പോൾ ആണ്. വെടിപ്പുള്ള കൈകളോടും നിർമല ഹൃദയത്തോടും കൂടെ ദൈവ സന്നിധിയിൽ നില്കുന്നതിനുള്ള വലിയ സമർപ്പണമാണ് നവീകരണ സഭക്ക് ഉണ്ടായിരുന്നത്. ഇന്നും അത് യാഥാർഥ്യമായി തുടരാൻ ദൈവകൃപക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ആഗസ്റ്റ് 27 ഞായറാഴ്ച, 'വെളിച്ചമാകാൻ വിളിക്കപ്പെട്ടവർ - മതബഹുല സമൂഹത്തിലെ സഭ' എന്ന വിഷയം ധ്യാനിക്കുന്നു. ലോകത്തിന്റെ വെളിച്ചമായ കർത്താവ് തന്റെ ശിഷ്യർക്കും വെളിച്ചമെന്ന പദവി തന്നെ നൽകി. ഒരു മതബഹുല സമൂഹത്തിൽ സത്യത്തിന്റെയും നീതിയുടെയും വഴിയിൽ നടക്കുന്നതിലൂടെയാണ് വെളിച്ചം ആകാനും സാക്ഷികൾ ആകാനും കഴിയുന്നത്. മറ്റു മത സമൂഹങ്ങൾ സുവിശേഷ മൂല്യങ്ങൾ ഉൾകൊള്ളുന്നത് സന്തോഷകരമായ കാഴ്ചയാണ്. അതേ സമയം, നമ്മെത്തന്നെ, സ്വയ പരിശോധന നടത്താൻ നാം തയ്യാറാകേണ്ടതുണ്ട്. 'ആകയാൽ സകല ദുഷ്ടതയും, എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു, ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ, രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ' (1 പത്രോസ് 2: 2). വചന കേന്ദ്രീകൃതമായി, സുവിശേഷ മൂല്യങ്ങളിൽ അധിഷ്ഠിതമായി, സാക്ഷികളുടെ സമൂഹമായി നിലനില്ക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
30.07.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**